**പതിമൂന്നാം കേരള നിയമസഭ**
**14-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5846** **30/07/2015-ൽ മറുപടിയ്ക്ക്**

**മലിനീകരണ നിയന്ത്രണത്തിനായി കർമ്മ പദ്ധതികൾ**

**ചോദ്യം** **മറുപടി**

**ശ്രീ. വർക്കല കഹാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. പാലോട് രവി**
**ശ്രീ.എം.പി വിൻസെന്റ്**

**ശ്രീ.ആര്യാടൻ മുഹമ്മദ്**
**( ഊർജ്ജ വകുപ്പ് മന്ത്രി)**

(എ) കാര്യക്ഷമമായ മലിനീകരണ നിയന്ത്രണത്തിനായി എന്തെല്ലാം കർമ്മ പദ്ധതി കളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

(ബി) ഇതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ എങ്ങനെയാണ് പ്രയോജന പ്പെടുത്തിയത്;

(എ) യും (ബി) യും

മലിനീകരണ നിയന്ത്രണ നിയമങ്ങൾ പ്രാവർത്തിക മാക്കുന്നതിനായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യാലയങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ബോർഡിന്റെ മേഖലാതല കാര്യാലയങ്ങളും പ്രവർത്തിച്ചു വരുന്നു. പെരുമ്പാവൂർ, മൂവാറ്റുപുഴ ഭാഗത്തെ മലിനീകരണ നിയന്ത്രണം കൂടുതൽ കാര്യക്ഷമ മാക്കുവാൻ ബോർഡിന്റെ ഒരു ഓഫീസ് പെരുമ്പാവൂരിൽ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തെ വ്യവസായ കേന്ദ്രമായ എറണാകുളം ജില്ലയിലെ ഏലൂരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻവയൺമെന്റ് സർവയലൻസ് സെന്റർ പ്രവർത്തിച്ചു വരുന്നു. ബോർഡിന്റെ പ്രവർത്തനം കൂടുതൽ വേഗത്തിലാക്കുന്നതിനായി ബോർഡ് നൽകി വരുന്ന അനുമതികളെ ഓൺ ലൈൻ സംവിധാനത്തിന്റെ കീഴിൽ കൊണ്ടു വരുന്നതി നായുള്ള നടപടികൾ സ്വീകരിച്ചു. പെരിയാറിന്റെ ഏലൂർ ഭാഗത്തെ മലിനീകരണം മോണിട്ടർ ചെയ്യാനായി പെരിയാറിന്റെ ഇരുകരകളിലുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 8 സർവൈലൻസ് ക്യാമറകൾ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ബോർഡിന്റെ എൻവയൺമെന്റ് സർവൈലൻസ് സെന്ററിൽ ടി ക്യാമറകൾ പകർത്തുന്ന ദൃശ്യങ്ങൾ റിക്കോർഡ് ചെയ്യുന്നു. ഈ സംവിധാനത്തിലൂടെ വ്യവസായ സ്ഥാപനങ്ങൾ അനധികൃതമായി മലിനജലം നിക്ഷേപിക്കുന്നത് പരിശോധിക്കുവാനും ആവശ്യം വരുന്ന സാഹചര്യങ്ങളിൽ ഉടനടി ഇടപെട്ട് പരിഹാര നടപടികൾ സ്വീകരിക്കാനും കഴിയുന്നു. പെരിയാർ നദിയിൽ മേത്താനം ഭാഗത്ത് ബോർഡ് ജലഗുണ നിലവാരം തുടർച്ചയായി നിർണ്ണയിക്കുന്ന തിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ആയത് അപ്പപ്പോൾ പൊതുജനങ്ങളിൽ എത്തിക്കാൻ ഫ്ലാക്സ്,

ഉദ്യോഗ മണ്ഡൽ ഓഫീസിനു മുമ്പിലുള്ള ട്രാഫിക് ഐലന്റിൽ ഒരു ഡിസ് പ്ലേ ബോർഡ് സ്ഥാപിച്ച് പരിശോധനാ ഫലം പ്രദർശിപ്പിക്കുന്നുണ്ട്. ടി വ്യവസായ മേഖലയിലെ വായു ഗുണനിലവാരം തുടർച്ചയായി നിർണ്ണയിക്കുന്നതിനുള്ള ഉപകരണം പാതാളം ESI ആശുപത്രിയുടെ മുകളിൽ ഏർപ്പെടുത്തുകയും ഈ നിരീക്ഷണ ഫലങ്ങൾ ഡിസ് പ്ലേ ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. പട്ടം, പ്ലാമൂട് ജംഗ്ഷനിൽ 24 മണിക്കൂറും തുടർച്ചയായി തത്സമയ വായു ഗുണനിലവാരം പരിശോധിക്കുന്ന ഒരു മോണിറ്ററിംഗ് സ്റ്റേഷൻ (കണ്ടിന്യൂവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ) സ്ഥാപിച്ച് 2015 ജനുവരി മുതൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതു കൂടാതെ വൈറ്റിലയിൽ വായു ഗുണനിലവാരം തുടർച്ചയായി അളന്ന് അപ്പപ്പോൾ പ്രദർശിപ്പിക്കാൻ ഒരു കണ്ടിന്യൂവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് ഡിസ് പ്ലേ സ്റ്റേഷൻ സ്ഥാപിക്കാൻ കൊച്ചി റിഫൈനറിയുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. ജല/വായു ഗുണനിലവാര പരിശോധനയ്ക്കായി NABL അക്രഡിറ്റേഷനോടു കൂടിയ കേന്ദ്ര പരിശോധനശാല എറണാകുളത്തും എല്ലാ ജില്ലാ ഓഫീസുകളോടും ചേർന്ന് ജില്ലാ പരിശോധന ശാലയും പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് ആശുപത്രി മാലിന്യം സംസ്കരിക്കുന്ന തിനായി പൊതു സംവിധാനം കേന്ദ്ര സഹായത്തോടെ സ്ഥാപിക്കുന്നതിനായി തത്പര കക്ഷികളിൽ നിന്നും ബോർഡ് EOI വിളിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ അപകടകരമായ ഖരമാലിന്യം സംസ്കരിക്കുന്ന തിനായി ഒരു പൊതു ഹസാർഡസ് വേസ്റ്റ് സംസ്കരണ സംവിധാനം Kerala Enviro Infrastructure Limited-ന്റെ ഉടമസ്ഥതയിൽ എറണാകുളം ജില്ലയിലെ അമ്പലമുകളിൽ പ്രവർത്തിച്ചു വരുന്നു. ടി സംവിധാനത്തിന്റെ മേൽനോട്ടം ബോർഡ് നിർവ്വഹിച്ചു വരുന്നു. ഫെസ്റ്റിവൽ മോണിറ്ററിംഗിന്റെ ഭാഗമായി ശബരിമല തീർത്ഥാടന കേന്ദ്രം, മാരാമൺ കൺവെൻഷൻ, ആറ്റുകാൽ എന്നിവിടങ്ങളിൽ ഉത്സവ സമയത്ത് ബോർഡ് മോണിറ്ററിംഗ് നടത്തുന്നു. കൂടാതെ ദീപാവലിയോടനുബന്ധിച്ചും ഗണേശോത്സവ വുമായി ബന്ധപ്പെട്ട വിഗ്രഹ നിമജ്ഞനത്തോടു ബന്ധപ്പെട്ടും ബോർഡിൽ നിന്നും മോണിറ്ററിംഗ് നടത്തി വരുന്നു. കേരളത്തിന്റെ വ്യവസായ കേന്ദ്രമായ പെരിയാറിന്റെ തീരത്തുള്ള (ഏലൂർ, എടയാർ ഭാഗം) ഭാഗം വ്യവസായങ്ങളുടെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാ സജ്ജമായ ഒരു സർവൈലൻസ് വാൻ ബോർഡ് പ്രവർത്തിപ്പിച്ചു വരുന്നു. എറണാകുളം ജനറൽ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, വടക്കാഞ്ചേരി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ സീവേജ്

ട്രീറ്റ്മെന്റ് പ്ലാന്റിനും പാമ്പാടി താലൂക്കാശുപത്രിയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റിനും ഖാദി ആന്റ് വില്ലേജ് അസോസിയേഷന് ഡൈ ഹൗസിൽ നിന്നുള്ള മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റിനും ബോർഡ് സാമ്പത്തിക സഹായം നൽകി നടപ്പാക്കി. ശബരിമല സീസൺ കാലത്ത് എരുമേലി തോട്ടിലെ മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിനായി ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ബോർഡ് അവിടെ സ്ഥാപിച്ച് ദേവസ്വം ബോർഡിന് കൈമാറി. കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ച സീവേജ് സംസ്കരണ പ്ലാന്റിൽ നിന്നുള്ള ശുദ്ധീകരിച്ച പാഴ്ജലം ഒഴുക്കി കളയുവാൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ബോർഡ് സാമ്പത്തിക സഹായം നൽകി. തിരുവനന്തപുരം നഗരത്തിലെ ശബ്ദ നിലവാര മാപ്പിംഗ് നടത്തുന്നതിനുള്ള നടപടി കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടപ്പാക്കി വരുന്നു. തിരുവനന്തപുരം നഗരത്തിലെ വാഹനങ്ങൾ മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം സംബന്ധിച്ച പഠനം NATPAC മുഖേന നടപ്പാക്കി വരുന്നു. പൊതു ജന ബോധവൽക്കരണം മലിനീകരണ നിയന്ത്രണത്തിന് ഒരു പ്രധാന ഘടകമാണ്. ഇതിനായി പത്ര ദൃശ്യ മാധ്യമങ്ങൾ വഴി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ എക്സ്ബിഷനുകളിൽ പങ്കെടുക്കുകയും പരിസ്ഥിതി അവബോധത്തിനുതകുന്ന ബാനറുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. അവയർനസ് വാൻ ഉപയോഗിച്ച് ബോധവൽക്കരണം നടത്തി വരുന്നു.

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം അടിസ്ഥാന സൗകര്യ വികസനങ്ങളാണ് ഇതിനായി ബോർഡിൽ വരുത്തിയിട്ടുള്ളത് ? | (സി) | ബോർഡിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനായി കമ്പ്യൂട്ടർവത്ക്കരണത്തിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ബോർഡിന്റെ മുഖ്യ പ്രവർത്തനങ്ങളിൽ ഒന്നായ കൺസന്റ് അഡ്മിനിസ്ട്രേഷൻ കൂടുതൽ കാര്യക്ഷമവും സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) ന്യൂഡൽഹി വികസിപ്പിച്ച ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് സിസ്റ്റം (OCMMS) എന്ന സ്വതന്ത്ര സോഫ്റ്റ് വെയർ NIC യുടെ തിരുവനന്തപുരത്തെ സ്റ്റേറ്റ് സെന്ററിന്റെ കൂടി സഹായത്താൽ 2014 ജൂൺ മുതൽ ബോർഡിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ബോർഡിന്റെ എല്ലാ ഓഫീസുകളിലും ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവയും ഇന്റർനെറ്റും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ